പത്രക്കുറിപ്പ്

# വധശ്രമക്കേസ്സിലെ പ്രതി കഞ്ചാവുമായി പിടിയിൽ

## വീട്ടമ്മയ്ക്ക് നേരെ വധശ്രമം : പ്രതി പിടിയിൽ

## വീട് ആക്രമിച്ച് കവർച്ച നടത്തിയ കേസ്സിൽ ഒരാൾ കൂടി അറസ്റ്റിൽ

തിരുവനന്തപുരം :- വധശ്രമക്കേസ്സിലെ പ്രതിയായി ഒളിവിൽ കഴിഞ്ഞ് കഞ്ചാവ് വിൽപ്പന നടത്തി വന്നയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. വെള്ളായണി ശ്രീജ നിവാസിൽ ശ്രീജിത്ത് (28)-നെയാണ് ഡിസ്ട്രിക് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ആക്ഷൻ ഫോഴ്സ് (ഡാൻസാഫ്) ടീമിന്റെ സഹായത്തോടെ മ്യൂസിയം പോലീസ് അറസ്റ്റ് ചെയ്തത്.

തിരുവനന്തപുരം നഗരത്തിലെ പ്രായപൂർത്തിയാകാത്ത വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് കഞ്ചാവ് വിൽപ്പന നടത്തി വന്ന ഇയാളെക്കുറിച്ച് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നാർക്കോട്ടിക് സെൽ എ.സി.പി ഷീൻ തറയിലിന്റേയും കന്റോൺമെന്റ് എ.സി.പി അജിത് കുമാറിന്റേയും നേതൃത്വത്തിൽ മ്യൂസിയം പോലീസും ഡാൻസാഫ് ടീമും സംയുക്തമായി നടത്തിയ പരിശോധനയിലാണ് ഡി.പി.ഐ ജംഗ്ഷന് സമീപത്തുള്ള വാടകവീട്ടിൽ നിന്നും 160 ഗ്രാം കഞ്ചാവുമായി അറസ്റ്റ് ചെയ്തത്. ഇയാളിൽ നിന്നും എസ് ആകൃതിയിലുള്ള ഒരു കത്തിയും കണ്ടെടുത്തിട്ടുണ്ട്. നേമം പോലീസ് സ്റ്റേഷനിൽ ഒരു വധശ്രമക്കേസ്സിൽ ഉൾപ്പെട്ട പ്രതി ശ്രീജിത്ത് ഒളിവിൽ കഴിഞ്ഞു വരവെയാണ് കഞ്ചാവുമായി ഇപ്പോൾ പിടിയിലായത്.


ശ്രീജിത്ത് (28)

മ്യൂസിയം എസ്.എച്ച്.ഒ ധർമ്മജിത്ത്, എസ്.ഐ-മാരായ ജിജുകുമാർ, പി.ഡി.സന്തു, ഷാനവാസ്, എ.എസ്.ഐ ഷാജി, എസ്.സി.പി.ഒ-മാരായ പ്രഭാകർ, ബിജുകൃഷ്ണൻ എന്നിവരും ഡാൻസാഫ് ടീം അംഗങ്ങളായ സജി, വിനോദ്, രഞ്ജിത്ത്, അനീസ് ബാൻ, അശ്വതി എന്നിവരടങ്ങിയ പോലീസ് സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## വീട്ടമ്മയ്ക്ക് നേരെ വധശ്രമം : പ്രതി പിടിയിൽ

തിരുവനന്തപുരം :- വിഴിഞ്ഞം മുല്ലൂരിൽ വീട്ടമ്മയെ മൺചട്ടി കൊണ്ട് തലയ്ക്കടിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിൽ അവരുടെ മരുമകനായ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. തമിഴ്‌നാട് കന്യാകുമാരി സ്വദേശി ബെനിറ്റോ (43)-യെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.

ആഗസ്റ്റ് 22-നാണ് സംഭവം നടന്നത്. വിഴിഞ്ഞം മുല്ലൂർ സ്വദേശിനി ജമിൽഡയെ വീട്ടിൽ വച്ച് മരുമകനായ പ്രതി ബെനിറ്റോ അസഭ്യം പറഞ്ഞ് തടഞ്ഞു വച്ച് മർദ്ദിക്കുകയും മൺചട്ടി കൊണ്ട് തലയ്ക്കടിച്ച് പരിക്കേൽപ്പിക്കുകയുമായിരുന്നു. സ്ഥിരം മദ്യപാനിയായ പ്രതിയുമായി ഭാര്യ പിണങ്ങിയതിന് കാരണം ജമിൽഡയാണെന്ന് ആരോപിച്ചാണ് ആക്രമിച്ചത്. തലയ്ക്ക് സാരമായി പരിക്കേറ്റ ഇവരെ നാട്ടുകാരാണ് ആശുപത്രിയിൽ എത്തിച്ചത്. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ വിഴിഞ്ഞം എസ്.എച്ച്.ഒ പ്രജീഷ് ശശി, എസ്.ഐ-മാരായ സമ്പത്ത്, വിനോദ്, സി.പി.ഒ-മാരായ അജികുമാർ, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.


ബെനിറ്റോ (43)

## വീട് ആക്രമിച്ച് കവർച്ച നടത്തിയ കേസ്സിൽ ഒരാൾ കൂടി അറസ്റ്റിൽ

തിരുവനന്തപുരം :- ചെല്ലമംഗലം കുണ്ടൂർക്കുളത്തെ വീട്ടിൽ മാരകായുധങ്ങളുമായി ഏഴംഗസംഘം അതിക്രമിച്ച് കയറി വാഹനങ്ങളും മറ്റും

അടിച്ചുതകർക്കുകയും സ്വർണ്ണാഭരണം കവർച്ച ചെയ്യുകയും ചെയ്ത കേസ്സിൽ ഒരാളെ കൂടി പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാം കുമാർ ഉപാദ്ധ്യായ അറിയിച്ചു. ചെമ്പഴന്തി പി.കെ.സി നഗറിൽ നിഥിൻ (25)-നെയാണ് കഴക്കൂട്ടം പോലീസ് അറസ്റ്റ് ചെയ്തത്. ഈ കേസ്സിലെ മറ്റ് ആറ് പ്രതികളെ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു.

കഴിഞ്ഞ മാർച്ചിലാണ് സംഭവം നടന്നത്. പ്രതി ഉൾപ്പെട്ട ഏഴംഗസംഘം ചെല്ലമംഗലം സ്വദേശി ഷൈലയുടെ വീട്ടുവളപ്പിൽ അതിക്രമിച്ച് കയറി അവിടെ പാർക്ക് ചെയ്തിരുന്ന കാറും രണ്ട് ബൈക്കുകളും അടിച്ചുതകർക്കുകയും ഷൈലയുടെ കഴുത്തിൽ കിടന്ന സ്വർണ്ണമാല പൊട്ടിച്ചെടുക്കുകയുമായിരുന്നു. ഈ കേസ്സിൽ ഒളിവിലായിരുന്ന രണ്ടാം പ്രതിയായ നിഥിനെ അന്വേഷിച്ചു വരവെ കഴക്കൂട്ടം എ.സി.പി ഹരി.സി.എസ്-ന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ കഴക്കൂട്ടം എസ്.എച്ച്.ഒ പ്രവീൺ, സി.പി.ഒ-മാരായ സജാദ് ഖാൻ, ബിനു, അരുൺ.എസ്.നായർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.


നിഥിൻ (25)

തിരുവനന്തപുരം സിറ്റി
26-08-2021

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി